പൊതു വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹയർസെക്കന്ററി വിഭാഗം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തിനഗർ
തിരുവനന്തപുരം - 1

**EX-II/01/11205/HSE/2021** **തീയതി : 05/10/2021**

# ഉത്തരവ്

വിഷയം :- പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കന്ററി വിഭാഗം - ഒന്നാം വർഷ ഹയർ സെക്കന്ററി പരീക്ഷ സെപ്തംബർ 2021 - മൂല്യനിർണ്ണയ ക്യാമ്പുകൾക്കുള്ള നിർദ്ദേശം - സംബന്ധിച്ച്.

സൂചന :-
1. 28/05/2021 - ലെ EX-II/1/24300/HSE/2020 (1) നമ്പർ പരീക്ഷാവിജ്ഞാപനം.
2. 31/08/2021 - ലെ ഇതേ നമ്പർ ഉത്തരവ്.
3. 29/09/2021 - ലെ ഇതേ നമ്പർ സർക്കുലർ.

2021-ലെ ഒന്നാം വർഷ ഹയർ സെക്കന്ററി പരീക്ഷയുടെ മൂല്യനിർണ്ണയക്യാമ്പുകൾ **24/09/2021** മുതൽ പ്രവർത്തിച്ചുവരുന്നു. മൂല്യനിർണ്ണയം **20/10/2021** മുതൽ **28/10/2021** എന്നീ ദിവസങ്ങളിൽ സൂചന (2) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള ക്യാമ്പുകളിൽ നടക്കുന്നതാണ്. മൂല്യനിർണ്ണയ ഡ്യൂട്ടി ലഭിച്ചിട്ടുള്ള എല്ലാ അധ്യാപകരും നിർബന്ധമായും മൂല്യനിർണ്ണയത്തിനായി ഹാജരാകേണ്ടതാണ്. അധ്യാപകരെ സമയബന്ധിതമായി വിടുതൽ ചെയ്യാൻ പ്രിൻസിപ്പൽമാർ ശ്രദ്ധിക്കേണ്ടതാണ്.

കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ആരോഗ്യ വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുവേണം ക്യാമ്പുകളിൽ മൂല്യനിർണ്ണയം നടത്തേണ്ടത്. ആരോഗ്യവകുപ്പ് നിർദ്ദേശിച്ചിട്ടുള്ള സാമൂഹിക അകലം പാലിച്ച് മൂല്യനിർണ്ണയം ക്രമീകരിക്കേണ്ടതാണ്. മൂല്യനിർണ്ണയ ക്യാമ്പുകളിൽ എത്തുന്ന അധ്യാപകർ മാസ്ക്ക് നിർബന്ധമായും ഉപയോഗിക്കേണ്ടതാണ്. സാനിറ്റൈസർ, കൈകഴുകാനുള്ള സൗകര്യം, കുടിവെള്ളം എന്നിവ നിർബന്ധമായും ക്യാമ്പിൽ സജ്ജീകരിക്കേണ്ടതാണ്. അധ്യാപകർ ആവശ്യമായ ആഹാരവും, മറ്റ് സാധനങ്ങളും കൊണ്ടുവരേണ്ടതാണ്. സാനിറ്റൈസറിനും മറ്റും ആവശ്യമായ തുക ക്യാമ്പ് നടത്തിപ്പിന് അനുവദിക്കുന്ന തുകയിൽ നിന്നും കണ്ടിജൻസി വിഭാഗത്തിൽ ഉൾപ്പെടുത്തി നിയമാനുസൃതം ലഭ്യമാക്കാവുന്നതാണ്.

ഒപ്പ്/-
**ജീവൻബാബു.കെ. ഐ.എ.എസ്**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

അംഗീകാരത്തോടെ

സൂപ്രണ്ട്